"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഒറ്റപ്പാലം നഗരസഭ - വിജിലൻസ് പരിശോധന - ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.കവിത എസ് കുമാറിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.2706/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/11/2019

പരാമർശം:- 1 വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.02.2018 തീയതിയിലെ ഇ 12(എസ്.സി.17/2017/പാലക്കാട്) 39517/2017 നമ്പർ കത്ത്.

2 ഒറ്റപ്പാലം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.കവിത എസ് കുമാറിന് നൽകിയ 24.05.2018 തീയതിയിലെ തസ്വഭവ-ഇ.യു.1/203/2018-തസ്വഭവ നമ്പർ കുറ്റപത്രം.

3 കുറ്റപത്രത്തിന് ശ്രീമതി.കവിത എസ് കുമാർ സമർപ്പിച്ച 23.07.2018 തീയതിയിലെ പ്രതിവാദ പത്രിക.

4 നഗരകാര്യ ഡയറക്ടറുടെ 30.10.2019 തീയതിയിലെ വി3-13365/15നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കേരളത്തിലെ മുനിസിപ്പാലിറ്റികളിലെ അഴിമതി സംബന്ധിച്ച് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി 04.03.2017, 07.03.2017 എന്നീ തീയതികളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പാലക്കാട് യൂണിറ്റ് ഒറ്റപ്പാലം നഗരസഭയിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. വിജിലൻസ് വിഭാഗത്തിന്റെ കണ്ടെത്തലുകളിലെ ക്രമക്കേടുകൾക്ക് ഒറ്റപ്പാലം നഗരസഭയിലെ കാര്യ നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ നഗരസഭാ സെക്രട്ടറി ശ്രീമതി. കവിത എസ് കുമാറിന് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ മേൽനോട്ടക്കുറവായി കണ്ട് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോ / പത്രികയ്ക്ക് ശ്രീമതി.കവിത എസ് കുമാർ പരാമർശം മൂന്ന് പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്.

" a) ഒറ്റപ്പാലം നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന നടന്ന ദിവസത്തിന് തൊട്ടു മുമ്പുള്ള 02.03.2017, 03.03.2017 എന്നീ

തീയതികളിൽ ശ്രീമതി കവിത എസ് കുമാർ മാതാവിന്റെ അസുഖം കാരണം ആകസ്മികാവധിയിലായിരുന്നതും ആകസ്മികാവധിയിൽ പ്രവേശിക്കുന്നതിനും അധികാര മേഖല വിട്ടുപോകുന്നതിനുമുള്ള അനുമതിക്കായി കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർക്ക് അവധി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. മാതാവിന്റെ അസുഖം ഭേദമാകാത്തതുകൊണ്ടും ഐ . സി . യു . വിൽ ഒരു ദിവസം കൂടി കഴിയേണ്ട സാഹചര്യം നിലവിലുണ്ടായതു കാരണവുമാണ് ആകസ്മികാവധി ഒരു ദിവസം കൂടി നീട്ടേണ്ടതായി വന്നിരുന്നതെന്നും ടിയാരിയുടെ അന്നത്തെ പ്രത്യേക മാനസികാവസ്ഥ കാരണം ആകസ്മികാവധി നീട്ടുന്ന കാര്യം മേലധികാരിയെ രേഖാമൂലം അറിയിക്കാൻ കഴിഞ്ഞിട്ടില്ലായിരുന്നുവെന്നും എന്നാൽ നഗരകാര്യ ജോയിന്റ് ഡയറക്ടറെയും താൽക്കാലിക ചുമതല വഹിച്ചിരുന്ന നഗരസഭാ സൂപ്രണ്ടിനേയും ഫോൺ മുഖാന്തിരം പ്രസ്തുത വിഷയം അറിയിക്കുകയും ചെയ്തിരുന്നതായി വിജിലൻസ് വിഭാഗം പരിശോധനാ ഉദ്യോഗസ്ഥരെ ഫോൺ മുഖേന അറിയിച്ചിരുന്നു. കൂടാതെ ഹോസ്പിറ്റലിൽ നിന്നുകൊണ്ടുതന്നെ അധികാരപത്രം തയ്യാറാക്കി നഗരസഭയിലേക്ക് ഇ-മെയിൽ ചെയ്തിരുന്നതായും ആയതിനാൽ മനപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലാത്തതുമാണ്.

b) ഒറ്റപ്പാലം നഗരസഭയുടെ ബസ് സ്റ്റാന്റ് - കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർ മ്മാണത്തിന് 2004 - ൽ 5.63 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ച് 23.08.2005- ൽ കരാറുകാരൻ ഉടമ്പടി വയ്ക്കുകയും പ്രസ്തുത കാലയളവിൽ പൈലിംഗ് സംബന്ധമായ നിരക്കുകളിലെ വർദ്ധനവ് കാരണം തർക്കങ്ങൾ ഉടലെടുക്കുകയും മുനിസിപ്പൽ തലം മുതൽ സർക്കാർ തലം വരെയുള്ള വിവിധ പരിശോധനകളും നടത്തി ആവശ്യമായ എല്ലാ അംഗീകാരങ്ങളും ലഭ്യമാക്കി 14.58 കോടി രൂപയായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നിലവിലുള്ള കരാറുകാരനെ കൊണ്ടു തന്നെ പ്രവൃത്തി നടത്തുന്നതിന് വേണ്ടി 05.03.2012- ൽ ഉടമ്പടിയിൽ വീണ്ടും ഒപ്പു വയ്ക്കുകയും പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തു എന്നും, എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ കരാറുകാരൻ ചെയ്യുകയും ആയതിന്റെ തുക നൽകാത്തതിന്റെ പേരിൽ കരാറുകാരൻ ബഹു . ഹൈക്കോടതിയെ സമീപിക്കുകയും അനുകൂലമായ ഉത്തരവ് സമ്പാദിക്കുകയും ചെയ്തു. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം പ്രവർത്തികളുടെ ആവശ്യകത ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറെക്കൊണ്ട് പരിശോധിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് വീണ്ടും റിവൈസ് ചെയ്യുകയും 19.77 കോടി രൂപയുടെ സാങ്കേതികാനുമതി 13.06.2016- ൽ ജി . സി . ഡി . എ യിൽ നിന്നും ലഭ്യമാക്കുകയും ചെയ്തു. കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം നിലവിലുള്ള കരാറുകാരനെ കൊണ്ടുതന്നെ പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.

c) ഒറ്റപ്പാലം നഗരസഭ ബസ് സ്റ്റാന്റ് - കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ബില്ലുകൾ കെ . യു . ആർ . ഡി . എഫ് . സിയിൽ സമർപ്പിക്കുകയും ലോൺ തുക പാസ്സാക്കി തരുന്നതിൽ കാലതാമസം നേരിടുകയും ചെയ്തതിനാൽ 30.01.2017 വരെ കരാർ പുതുക്കി നൽകുകയും ചെയ്തിരുന്നു . പ്രസ്തുത പണി പൂർത്തീകരിക്കാത്തതിനാൽ കരാർ പുതുക്കി നൽകിക്കൊണ്ടിരുന്നതിനാലാണ് നിർമ്മാണ പ്രവൃത്തികൾ നീണ്ടു പോകാൻ കാരണമായത്.

d) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് ചെയ്തത് 10.06.2015, 23.06.2015, 27.06.2015, 11.07.2015, 23.07.2015, 12.08.2015 എന്നീ തീയതികളിലാണെന്നും ആയതിനാൽ 31.01.2017- ൽ അവസാനിച്ച കരാറിന് 28.02.2017- ൽ തുക അനുവദിച്ച എന്നു പറയുന്നത് ശരിയല്ലെന്നും കുറ്റാരോപണ പത്രികയിൽ പ്രതിപാദിച്ചിരിക്കുന്ന ബില്ലുകൾക്ക് ആധാരമായ പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിച്ചിട്ടുള്ളതും ചെക്ക് മെഷർ ചെയ്തിട്ടുള്ളതുമാണെന്നു പണം കണ്ടെത്തുന്നതിനുള്ള കാലതാമസം കാരണമാണ് ബില്ലുകൾക്കുള്ള തുക നൽകുവാൻ കാലതാമസം നേരിട്ടതെന്നും ശ്രീമതി കവിത എസ് കുമാർ മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ബില്ലുകളുടെ 3 പകർപ്പുകൾ തയ്യാറാക്കിയിരുന്നതായും അതിൽ ഒരെണ്ണം ട്രഷറിയിൽ നൽകുന്നതിനും ഒരെണ്ണം അക്കൗണ്ട്സ് വിഭാഗത്തിൽ സൂക്ഷിക്കുന്നതിനും ഒരെണ്ണം ഫയലിലുമാണ് സൂക്ഷിച്ചതെന്നും എന്നാൽ പരിശോധനാ സമയത്ത് അത് ശ്രദ്ധയിൽപ്പെടുത്തുന്നതിൽ ഫയൽ കൈകാര്യം ചെയ്യുന്നവർക്ക് വന്നിട്ടുള്ള വീഴ്ച മൂലമാണ് ഇത്തരത്തിൽ സംഭവിക്കാനിടയായതെന്നും കൂടാതെ പ്രവൃത്തികളുടെ എല്ലാ അളവുകളും തുക നൽകിയ വിവരങ്ങളും ബന്ധപ്പെട്ട എം . ബുക്കിലും ഫയലിലും രേഖപ്പെടുത്തിയിട്ടുള്ളതിനാലും സെക്രട്ടറി എന്ന നിലയിൽ തന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടില്ലാത്തതാണ് എന്നും മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്.

e ) ഒറ്റപ്പാലം നഗരസഭയിൽ 2016- ലെ മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട 190 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിന് തീരുമാനിക്കുകയും 31.05.2016- ലെ 29- ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം അംഗീകാരം ലഭിക്കുകയും, മെയ് മാസത്തിൽ തന്നെ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നു . ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വാർഡുകളിലായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും 121 തൊഴിൽ ദിനങ്ങൾക്ക് 377/- രൂപ നിരക്കിൽ 45,617/- രൂപ മസ്റ്റർ റോൾ തയ്യാറാക്കി തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ് . ആയതിന്റെ മസ്റ്റർ റോൾ കണ്ടിൻജന്റ് ബിൽ സഹിതം തയ്യാറാക്കി അക്കൗണ്ട്സ് സെക്ഷനിൽ നൽകിയിട്ടുള്ളതെന്നും 23.05.2016- ലെ സ . ഉ ( സാധാ ) നം . 1724/2016/ തസ്വഭവ ഉത്തരവ് പ്രകാരം വാർഡൊന്നിന് 5000/- രൂപ പ്രകാരം തനത് ഫണ്ടിൽ നിന്നും (36x5000 = 1,80,000/-) 1,80,000/- രൂപ വാർഡ്തല ശുചിത്വകമ്മിറ്റിയുടെ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായും അങ്ങനെ ആകെ 2,25,617/- രൂപ (1,80,000+45,617) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുള്ളതുമാണ് . കുറ്റാരോപണ പത്രികയിൽ പ്രതിപാദിക്കുന്ന പ്രകാരം 2,65,000/- രൂപ തുല്യമായി വാർഡുകൾക്ക് നൽകിയിട്ടില്ല എന്നും തന്റെ ഭാഗത്തു നിന്നും വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നും തന്റെ വിശദീകരണം സ്വീകരിച്ച് തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീമതി കവിത മറുപടിയിൽ അപേക്ഷിച്ചിട്ടുണ്ട് .

3. ഒറ്റപ്പാലം നഗരസഭയിലെ 2017- ലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ മുൻ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി കവിത എസ്. കുമാർ 02.03.2017, 03.03.2017, 04.03.2017 എന്നീ ദിവസങ്ങളിൽ ഹാജർ പുസ്തകത്തിൽ ആകസ്മികാവധി രേഖപ്പെടുത്തിയതായും, ജി 1- 8700/16 നമ്പർ ഫയൽ പ്രകാരം 02.03.2017, 03.03.2017 ദിവസങ്ങളിൽ ഹാജരാകുവാൻ കഴിയാത്തതിനാൽ നഗരസഭാ സെക്രട്ടറിയുടെ ചുമതല വഹിക്കുന്നതിന് ജനറൽ വിഭാഗം സൂപ്രണ്ട് ശ്രീ ശൈലേഷ് കുമാറിനെ ചുമതലപ്പെടുത്തി അധികാരപ്പത്രം നൽകിയതായും, തൊട്ടടുത്ത ദിവസമായ 04.03.2017- ന് ( വിജിലൻസ് പരിശോധനാ ദിവസം ) റവന്യൂ സൂപ്രണ്ട് ശ്രീ സന്തോഷ് കുമാറിന് കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 50 (2) പ്രകാരം ചുമതലപ്പെടുത്തിക്കൊണ്ടുള്ള അധികാരപ്പത്രം കൈമാറിയതായും കണ്ടെത്തി എന്നും,

വിജിലൻസിന്റെ മിന്നൽ പരിശോധന ദിവസമായ 04.03.2017- ന് രാവിലെ 11.10- നാണ് അധികാരപ്പത്രം കൈമാറിയതായി കാണുന്നതെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . 31.12.2004- ലെ 768 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ഒറ്റപ്പാലം നഗരസഭ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിക്ക് ടി . എസ് നം . ജി 1-3-81806/04 തീയതി 18.12.2004 നമ്പർ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട് . 5,63,75,000/- രൂപയുടെ എസ്റ്റിമേറ്റ് ടെണ്ടർ നടപടികളിലൂടെ M/s. T A Xavier & Sons എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളതാണ് . 25.08.2005- ന് എഗ്രിമെന്റ് നമ്പർ 12/05-06 തീയതി 23.08.2005 പ്രകാരം ഉടമ്പടി ചെയ്തിട്ടുള്ളതാണ്. പൈലിംഗ് പ്രവൃത്തികൾ ആരംഭിക്കുകയും എന്നാൽ പൈലിംഗ് സംബന്ധമായും നിരക്കുകളുടെ വർദ്ധനവും വ്യതിയാനവും സംബന്ധിച്ച തർക്കങ്ങൾ ഉടലെടുക്കുകയും മുനിസിപ്പൽ തലം മുതൽ ഗവൺമെന്റ് തലം വരെയുള്ള വിവിധ പരിശോധനകൾ നടത്തി ആവശ്യമായ എല്ലാ അംഗീകാരങ്ങളും ലഭ്യമാക്കി 14,98,28,120/- രൂപയുടെ അടങ്കൽ തുകയ്ക്ക് റിവൈസ് ചെയ്ത് പ്രവൃത്തി നടത്തുന്നതിനായി എഗ്രിമെന്റിൽ കരാറുകാരനും നഗരസഭയും കൂടി 05.03.2012- ൽ വീണ്ടും ഉടമ്പടി ചെയ്യുകയും പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തു എന്നും കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം പ്രവൃത്തികളുടെ ആവശ്യകത ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറെ കൊണ്ട് പരിശോധിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് വീണ്ടും റിവൈസ് ചെയ്ത് 19,77,59,931/- രൂപയുടെ സാങ്കേതികാനുമതി ജി . സി . ഡി . എ യിൽ നന്നും 18.06.2016- ന് ലഭ്യമാക്കുകയും കോ - ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നിലവിലുള്ള കരാറുകാരനെ കൊണ്ട് തന്നെ പ്രവൃത്തി നടത്തിക്കുവാൻ തീരുമാനിക്കുകയും, പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുള്ളതാണെന്നും സർവ്വീസ് ടാക്സ് ഉൾപ്പെടെ 20,96,25,525/- രൂപ വരുന്ന പുതുക്കിയ അടങ്കലിന് 2017 ജനുവരി 31നകം പ്രവൃത്തി പൂർത്തിയാക്കുന്ന വിധത്തിൽ പുതുക്കിയ ഉടമ്പടി വച്ചിട്ടുള്ളതുമാണെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ കരാർ വീണ്ടും വീണ്ടും പുതുക്കിക്കൊണ്ടിരുന്നതായി ഇ -2325/96 നമ്പർ ഫയൽ പ്രകാരം കാണുന്നു എന്നും, ഒറ്റപ്പാലം നഗരസഭയുടെ 12.10.2018 തീയതിയിലെ 12- ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം എഗ്രിമെന്റ് കാലാവധി 19.10.2018 വരെ ദീർഘിപ്പിച്ചു നൽകുന്നതിനായി തീരുമാനിച്ചിട്ടുള്ളതും 28.02.2017- ന് സമർപ്പിച്ച 3 ബില്ലുകളുടെ പകർപ്പ് ഫയലിൽ കണ്ടിരുന്നു എന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . 23.05.2016- ലെ സ ഉ ( സാധാ ) നം . 1724/16/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ നൽകേണ്ടുന്ന വിഹിതം ലഭിക്കുന്നതിന് കാലതാമസം വരുന്നതിനാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ തുക കണ്ടെത്തി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുള്ളതാണ് എന്നും ആയത് പ്രകാരം വാർഡ്തല ശുചിത്വ കമ്മിറ്റിക്ക്, വാർഡ് ഒന്നിന് 5000/- രൂപ നിരക്കിൽ 36x5000= 1,80,000/- രൂപ ചെയർമാന്റെ മുൻകൂർ അനുമതിയോടെ 07.06.2016- ന് ( വൗച്ചർ നം . 265-6/16) അനുവദിച്ചതായി എച്ച് 1-5368/17 നമ്പർ ഫയൽ പ്രകാരം കണ്ടതായി കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . 31.05.2016- ലെ 29- ാം നം . കൗൺസിൽ തീരുമാന പ്രകാരം 190 ദിവസങ്ങൾ മഴക്കാല പൂർവ്വ ശുചീകരണത്തിനായി അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നു എന്നും, 21.05.2016 മുതൽ ശുചീകരണ പ്രവൃത്തികൾ ആരംഭിച്ചു എന്നും, ശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവാക്കിയ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

4. നഗരസഭയിലെ 3 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം 190 തൊഴിൽ ദിനങ്ങൾ അനുവദിക്കാവുന്നതാണെന്ന് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി 18.05.2016- ന് ശുപാർശ ചെയ്യുകയും 21.05.2016- ന് അജണ്ടയായി അംഗീകരിക്കുകയും, ആയത് പ്രകാരം, 31.05.2016- ലെ 29- ാം നമ്പർ തീരുമാന പ്രകാരം

നഗരസഭാ കൗൺസിൽ ഇക്കാര്യം അംഗീകരിച്ചിട്ടുള്ളതായി ക ണ്ടു എന്നും, മസ്റ്റർ റോൾ വേതനം നൽകുന്നതിന് വേണ്ടി സമർപ്പിക്കുമ്പോൾ ആയത് അക്കൗണ്ട്സ് സെക്ഷനിൽ നൽകുകയാണ് പതിവെന്നും ആയത് പ്രകാരം മസ്റ്റർ റോൾ അക്കൗണ്ട്സ് സെക്ഷനിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടെന്നും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . എന്നാൽ കുറ്റാരോപണ പത്രികയിൽ പ്രതിപാദിക്കുന്ന പ്രകാരം 2,65,000/- രൂപ വിഭജിച്ച് നൽകിയിട്ടുള്ളതായി മേഖലാ ജോയിന്റ് ഡയറക്ടറുടെ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല .

5. ഒറ്റപ്പാലം നഗരസഭ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിലെ പൈലിംഗ് സംബന്ധമായ നിരക്കുകളുടെ വർദ്ധനവും വ്യതിയാനവും സംബന്ധിച്ച തർക്കങ്ങൾ കാരണവും എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ കരാറുകാരൻ ചെയ്യുകയും ആയതിന്റെ തുക നൽകാത്തതിന്റെ പേരിൽ കരാറുകാരൻ ബഹു . ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് സമ്പാദിക്കുകയും ചെയ്തിരുന്നു . കോ - ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രവൃത്തികളുടെ ആവശ്യകത, ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറെക്കൊണ്ട് പരിശോധിപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് വീണ്ടും റിവൈസ് ചെയ്യുകയും 20,96,25,525/- രൂപയുടെ പുതുക്കിയ അടങ്കലിന് അനുമതി ലഭ്യമാക്കുകയും 2017 ജനുവരി 31 നകം പ്രവൃത്തി പൂർത്തിയാകുന്ന വിധത്തിൽ പുതുക്കിയ ഉടമ്പടി വെച്ചിട്ടുള്ളതുമാണ് . കെ . യു . ആർ . ഡി . എഫ് . സിയിൽ നിന്നും വായ്പ തുക ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടതിനാലാണ് ബിൽ തുക നൽകുവാൻ കാലതാമസം നേരിട്ടതെന്നും, 72 ലക്ഷം രൂപയുടെ ബില്ലിന്റെ പകർപ്പുകൾ കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടറുടെ പരിശോധനാവേളയിൽ പ്രസ്തുത നഗരസഭാ ഫയലിൽ കാണുകയുണ്ടായി എന്നും അറിയിച്ചിട്ടുണ്ട്. വിജിലൻസ് വിഭാഗം പരിശോധനാ സമയത്ത് ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥന് ബില്ലിന്റെ പകർപ്പുകൾ വിജിലൻസ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വീഴ്ച സംഭവിച്ചതായി ശ്രീമതി കവിത എസ് കുമാറിന്റെ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത് അംഗീകരിക്കാവുന്നതാണ് എന്നും പണി പൂർത്തീകരിക്കാത്തതിനാൽ 12.10.2018- ലെ 12- ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം എഗ്രിമെന്റ് കാലാവധി 19.10.2018 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതായി ബന്ധപ്പെട്ട ഇ -2325/96 നമ്പർ നഗരസഭാ ഫയൽ പ്രകാരം ക ണ്ടതായും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

6. ശ്രീമതി. കവിത എസ്. കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടും 1960 ലെ KCS&CCA Rule പ്രകാരം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.കവിത എസ് കുമാർ 02.03.2017, 03.03.2017 എന്നീ ദിവസങ്ങളിൽ അവരുടെ മാതാവിന്റെ അസുഖം കാരണം ആകസ്മികാവധിയിൽ പ്രവേശിക്കുകയും, സെക്രട്ടറിയുടെ ചുമതല വഹിക്കുന്നതിന് ജനറൽ വിഭാഗം സൂപ്രണ്ട് ശ്രീ ശൈലേഷ് കുമാറിനെ ചുമതലപ്പെടുത്തി അധികാരപത്രം നൽകിയിട്ടുള്ളതായും റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാണ്. എന്നാൽ 04.03.2017- ൽ വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധനയ്ക്കെത്തിയ ശേഷം രാവിലെ 11.00 മണിയ്ക്കാണ്, അന്ന് ടിയാൾ ആകസ്മികാവധിയിലാണെന്ന് ടെലിഫോൺ മുഖേന അറിയിച്ചിട്ടുള്ളതും, കേരളാ മുനിസിപ്പൽ ആക്ട് സെക്ഷൻ 50 (2) പ്രകാരം നഗരസഭാ സൂപ്രണ്ട് ശ്രീ.സന്തോഷ് കുമാറിന് അധികാരപത്രം കൈമാറിയിട്ടുള്ളതും എന്ന് റിപ്പോർട്ടിൽ കാണുന്നു. വിജിലൻസ് പരിശോധന നടന്നില്ലായിരുന്നുവെങ്കിൽ നഗരസഭാ സെക്രട്ടറിയുടെ അഭാവം പിന്നീട് സാന്നിദ്ധ്യമായി മാറ്റാമായിരുന്നു എന്ന സംശയം മാത്രമാണ് വിജിലൻസ് കണ്ടെത്തിയിട്ടുള്ളത്. ടിയാരി മാതാവിന്റെ അസുഖം കാരണമാണ് ആകസ്മികാവധിയിൽ പ്രവേശിച്ചതെന്നും മാതാവിനെ

06.03.2017 ലാണ് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തിട്ടുള്ളതെന്ന് മറുപടിയായി സമർപ്പിച്ചിട്ടുള്ള രേഖകളിൽ നിന്നും വ്യക്തമായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീമതി.കവിത എസ് കുമാർ ആദ്യമായി നഗരസഭാ സെക്രട്ടറിയായി നിയമിതയായിട്ടുള്ളത് ഒറ്റപ്പാലം നഗരസഭയിലാണ്. 11.04.2016 മുതൽ 20.06.2017 വരെയുള്ള കാലയളവിലാണ് ഈ നഗരസഭയിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുള്ളത്. ശ്രീമതി.കവിത എസ് കുമാർ സർവ്വീസിൽ പ്രവേശിച്ച് കേവലം ഒരു വർഷം പൂർത്തിയാക്കുന്നതിനു മുമ്പാണ് ഒറ്റപ്പാലം നഗരസഭയിൽ വിജിലൻസ് പരിശോധന നടന്നിട്ടുള്ളത്. ശ്രീമതി.കവിതയുടെ പ്രവൃത്തിയിൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം സംഭവിച്ചതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

7. ഒറ്റപ്പാലം നഗരസഭയിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ആരംഭിക്കുന്നത് 2006 ലാണ്. പ്രാഥമിക എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ കരാറുകാരൻ ചെയ്യുകയും ആയതിന്മേലുള്ള കോടതി ഉത്തരവും കെ.യു.ആർഡി.എഫ്.സിയിൽ നിന്നും ബില്ലുകൾ മാറി നൽകുന്നതിൽ വന്ന കാലതാമസവും കാരണം പ്രസ്തുത പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം സംഭവിച്ചതായി കാണാവുന്നതാണ്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ മുനിസിപ്പൽ എഞ്ചിനീയർ ആകയാൽ 72 ലക്ഷം രൂപയുടെ ബില്ലുകൾ തയ്യാറാക്കിയതും ട്രഷറിയിൽ സമർപ്പിച്ചതും നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയറാണെന്ന ശ്രീമതി.കവിത എസ്. കുമാറിന്റെ മറുപടി പരിഗണിക്കാവുന്നതുമാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

8. മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾക്ക് 2,29,417/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് എന്നും വേതനം നൽകുന്നതിനു വേണ്ടി മസ്റ്റർ റോൾ അക്കൗണ്ട് സെക്ഷനിൽ നൽകുകയാണ് പതിവെന്നും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണത്തിൽ ബന്ധപ്പെട്ട മസ്റ്റർ റോൾ അക്കൗണ്ട് സെക്ഷനിൽ നിന്നും ലഭ്യമായിട്ടുള്ളതുമാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

9. ശ്രീമതി. കവിത എസ്. കുമാറിനെ നഗരസഭാ സെക്രട്ടറിയായി 11.04.2016ലാണ് ഒറ്റപ്പാലം നഗരസഭയിൽ നിയമിച്ചിട്ടുള്ളത്. ഒറ്റപ്പാലം നഗരസഭയുടെ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് 2004 ൽ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും 2006-ൽ പ്രവർത്തി ആരംഭിക്കുകയും ചെയ്തിരുന്നു. ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിന് വലിയ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും 11.04.2016-ൽ നഗരസഭ സെക്രട്ടറിയായി നിയമിതയായതും സർവ്വീസിൽ തുടക്കകാരി ആയിരുന്ന കാലയളവിലാണ് വിജിലൻസ് പരിശോധന നടന്നത് എന്ന വസ്തുത പരിഗണിച്ചും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ചും ശ്രീമതി. കവിത എസ്. കുമാറിനെതിരായ തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം 4 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്..

10. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. കവിത എസ്. കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയും, കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ

റിപ്പോർട്ടും പരിഗണിക്കുമ്പോൾ മനഃപ്പൂർവ്വമല്ലാതെ, സാഹചര്യം കൊണ്ടാണ് മുൻകൂട്ടി അവധിഅപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ പോയത് എന്ന വസ്തുത കണക്കിലെടുത്തും, സെക്രട്ടറി തസ്തികയിൽ തുടക്കക്കാരി എന്ന നിലയിൽ സംഭവിച്ചുപോയ തെറ്റ് മാപ്പാക്കി ശ്രീമതി കവിത എസ്. കുമാറിനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം.

ശ്രീമതി. കവിത എസ്. കുമാർ (നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ